# കടങ്ങൾ പൊറുക്കുക

**മൂ**ന്നാം ലോകരാജ്യങ്ങളെ വിദേശ കടക്കെണിയിൽനിന്നും വിമോചിപ്പിക്കണമെന്ന ആവശ്യം ഉന്നയിക്കുന്ന ഒരു ജനകീയപ്രസ്ഥാനം അന്താരാഷ്ട്രതലത്തിൽ രൂപീകരിച്ചിരിക്കുന്നു. അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യസംഘടനകളും ക്രൈസ്തവസംഘടനകളും ഒത്തുചേർന്നുകൊണ്ട് 'ജൂബിലി – 2000,' എന്ന നാമത്തിലാണ് പ്രസ്ഥാനം പ്രവർത്തിക്കുന്നത്. അടുത്ത സഹസ്രാബ്ദത്തോടുകൂടി മൂന്നാം ലോകരാജ്യങ്ങളുടെ എല്ലാ വിദേശകടങ്ങളും എഴുതിതള്ളണമെന്ന് 'ജൂബിലി – 2000' വികസിത-സമ്പന്നരാജ്യങ്ങളോട് ആവശ്യപ്പെടുന്നു. വിദേശകടം തിരിച്ചടയ്ക്കാനാവാതെ മഹാദുരന്താനുഭവങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടിരിക്കുന്ന മൂന്നാം ലോക രാജ്യങ്ങൾ ലോകമനഃസാക്ഷിയെ തട്ടിയുണർത്തിയെന്നതിന്റെ തെളിവാണ് 'ജൂബിലി – 2000' എന്ന പ്രസ്ഥാനം.

ഈയടുത്തകാലത്ത് ബ്രിട്ടണിൽ ചേർന്ന 'ജി 8' രാഷ്ട്ര ഉച്ചകോടിയുടെ മുമ്പാകെ ജൂബിലി 2000ത്തിന്റെ പ്രവർത്തകർ 11 കിലോമീറ്റർ നീളമുള്ള മനുഷ്യചങ്ങല തീർക്കുകയുണ്ടായി. മൂന്നാം ലോക രാജ്യങ്ങളുടെ കടം എഴുതിതള്ളണ

ഹഗ്മക്ലും

മെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള 15 ലക്ഷം പേരുടെ അപേക്ഷ ജി 8 ഉച്ചകോടിയുടെ ആതിഥേയരായ ബ്രിട്ടീഷ് അധികാരികൾക്ക് ജൂബിലി 2000ത്തിന്റെ പ്രവർത്തകർ സമർപ്പിക്കുകയുണ്ടായി.

ജൂബിലി 2000ത്തിന്റെ പിന്തുണക്കാരിൽ ഒരുവനായ കാന്റർബറി ആർച്ച് ബിഷപ് ഡോ. ജോർജ് കാരി മൂന്നാം ലോകരാജ്യങ്ങളുടെ ഭീമൻ കട ഭീഷണിയെ ആധുനിക കാലത്തെ അടിമത്തമെന്നാണ് വിശേഷിപ്പിക്കുന്നത്. പോയകാലങ്ങളിൽ ഒരു നിശ്ചിത വില ഈടാക്കികൊണ്ടാണ് അടിമകളെ കൈമാറ്റം ചെയ്തിരുന്നത്. ഇക്കാലത്ത് നമ്മുടെ കുട്ടികൾ ജനിക്കുന്നതുതന്നെ സ്വന്തം രാജ്യം അടച്ചുതീർക്കാനുള്ള കടത്തിന്റെ വാറോല കഴുത്തിലണിഞ്ഞുകൊണ്ടാണ്.

പാവപ്പെട്ടവരും പണക്കാരും തമ്മിലുള്ള വിടവ് വർധിപ്പിക്കുന്നതിൽ കടത്തിനു വലിയൊരു പങ്കുണ്ടെന്ന പക്ഷമാണ് ജൂബിലി – 2000ത്തിന്റെ പ്രവർത്തകർക്കുള്ളത്. ധാർമികച്യുതിയുടെ മൂലകാരണങ്ങളിലൊന്നാണ് കടമെന്ന അഭിപ്രായവും ഇവർക്കുണ്ട്. ലോകത്തിലെ ഏറ്റവും സമ്പന്നമായ 20 രാജ്യങ്ങളിലെ ആരും തന്നെ കുടിവെള്ളത്തിനായി ബുദ്ധിമുട്ടുന്നില്ല. യഥാസമയം ആരോഗ്യസംരക്ഷണം ലഭിക്കാത്തവരായി ഈ രാജ്യങ്ങളിൽ ആരുംതന്നെയുണ്ടാകാൻ സാധ്യതയില്ല. ചെറുപ്പത്തിൽ സ്കൂളിലേക്ക് പോകാത്ത കുട്ടികളെ ഈ നാടുകളിൽ കാണുക വളരെ പ്രയാസം. വയോജനങ്ങൾക്കിടയിൽ നിരക്ഷരത തീരെയില്ലായെന്നുതന്നെ പറയാം. കടത്തിൽ മുങ്ങിക്കിടക്കുന്ന 42 രാജ്യങ്ങളിലെ അവസ്ഥ ഇതിനു നേരെവിപരീതമാണ്. ഇവിടങ്ങളിലെ 50 ശതമാനം പേർക്കും ആരോഗ്യസംരക്ഷ സംവിധാനങ്ങൾ അപ്രാപ്യമാണ്. 75 ശതമാനം പേർ കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്നു. വയോജന നിരക്ഷരത ചില രാജ്യങ്ങളിൽ 60 ശതമാനം വരെയാണ്. ലോകജനസംഖ്യയുടെ നാലിൽ ഒരു ഭാഗം ജീവിക്കുന്നത് ദിനംപ്രതി ഒരു യു.എസ്. ഡോളറുകൊണ്ടാണ്. 84 കോടി ജനങ്ങൾ പട്ടിണിയിലാണ്.

ഈ ഞെട്ടിപ്പിക്കുന്ന കണക്കുകൾ ഒന്നുംതന്നെ യാദൃശ്ചികമായി മാനത്തുനിന്നും പൊട്ടിവീണതല്ല. പല സാമ്പത്തിക വിദഗ്ധരും ഈ കൊടും ദുരന്തത്തിന് ഉത്തരാർദ്ധ ഗോളത്തിലെ വികസിത സമ്പന്ന രാജ്യങ്ങളെയാണ് കുറ്റപ്പെടുത്തുന്നത്. യുക്തിരഹിതവും തലതിരിഞ്ഞതുമായ വികസനപദ്ധതികൾക്കായി കടം വാങ്ങുവാൻ പ്രേരിപ്പിച്ചതു മുഴുവൻ ഇക്കൂട്ടരാണ്.

ഒരിക്കൽ കടം വാങ്ങികഴിയുന്നതോടെ ഒരു അവികസിത രാജ്യം വീണ്ടുംവീണ്ടും പ്രലോഭനങ്ങൾക്കടിമയാവുകയും കടം തിരിച്ചടയ്ക്കുവാൻ വേണ്ടി മാത്രം വീണ്ടും കടം വാങ്ങുകയും അവസാനം ഭീകരമായ ഋണവിധേയത്വത്തിന് കീഴ്പ്പെടുകയും ചെയ്യുന്നു.

ദരിദ്ര സമ്പന്ന രാജ്യങ്ങളിലെ ഭരണകൂടങ്ങൾ തമ്മിൽ നടത്തുന്ന ഈ ഇടപാടിൽ സാധാരണക്കാരായ ജനങ്ങളുടെ അഭിപ്രായങ്ങൾക്ക് യാതൊരു വിലയുമില്ല. എപ്പോഴും സ്വദേശ സർക്കാരുകൾ ഈ കടമിടപാടിന്റെ വിശദാംശങ്ങളും നിജസ്ഥിതിയും ജനങ്ങളിൽനിന്നും മറച്ചുപിടിക്കാറാണ് പതിവ്. അതുകൊണ്ടുകൂടി ഈ കടങ്ങൾ തിരിച്ചടക്കുവാൻ മൂന്നാം ലോകരാജ്യങ്ങളിലെ ജനങ്ങൾക്ക് യാതൊരുവിധ ബാധ്യതയുമില്ല.

(കടപ്പാട്:
ത്രേഡ് വേൾഡ് നെറ്റ് വർക്ക്)